**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 336 | 28.11.2018 ൽ മറുപടിയ്ക്ക് |
|---|---|

## സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഡി.കെ.മുരളി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) വാമനപുരം നിയോജക മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾ എത്രയുണ്ട് ; | (എ) വാമനപുരം നിയോജക മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത 30 അംഗൻവാടികൾ ഉണ്ട്. |
| (ബി) അപ്രകാരം സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ? | (ബി) സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.<br>വാമനപുരം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ നെടുമങ്ങാട്, വാമനപുരം, വാമനപുരം അഡീഷണൽ എന്നീ 3 ICDS പ്രോജക്ടുകൾ പ്രവർത്തിക്കുന്നു.<br>1) ICDS നെടുമങ്ങാടിന് കീഴിൽ സ്വന്തമായി കെട്ടിടമില്ലാത്ത 10 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇതിലുള്ള 9 അങ്കണവാടികളിൽ 6 അങ്കണവാടികളെ 2018-19 സാമ്പത്തിക വർഷത്തിലെ പഞ്ചായത്ത് ഫണ്ടിലും 3 അങ്കണവാടികളെ 2017-18 സാമ്പത്തിക വർഷത്തിലെ സ്റ്റേറ്റ് പ്ലാൻ ഫണ്ടിലും ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള 1 അങ്കണവാടിയ്ക്ക് കെട്ടിട നിർമ്മാണത്തിന് ഭൂമി ലഭ്യമായിട്ടില്ല.<br>2) ICDS വാമനപുരത്തിന് കീഴിൽ സ്വന്തമായി കെട്ടിടമില്ലാത്ത 4 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 2 അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് ഭൂമി ലഭിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണ പദ്ധതിയിൽ ഇവയെ ഉൾപ്പെടുത്തുവാൻ സാധിക്കുന്നതാണ്. ബാക്കിയുള്ള 2 അങ്കണവാടികൾക്ക് |

| | |
|---|---|
| | ഭൂമി ലഭ്യമായിട്ടില്ല.<br>3)വാമനപുരം അഡീഷണൽ ICDS ന് കീഴിൽ സ്വന്തമായി കെട്ടിടമില്ലാത്ത 16 അങ്കണവാടികൾ പ്രവർത്തിക്കുന്നു. കല്ലറ ഗ്രാമപഞ്ചായത്തിലെ 8 അങ്കണവാടികളെയും പാങ്ങോട് ഗ്രാമപഞ്ചായത്തിലെ 4 അങ്കണവാടികളേയും ചേർത്ത് 12 അങ്കണവാടികളെ 2017-18 സാമ്പത്തിക വർഷത്തിലെ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള 4 അങ്കണവാടികൾക്ക് സ്വന്തമായി ഭൂമി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ